സഹകരണ സ്ഥാപനങ്ങളിലെ ധനദുർവിനിയോഗം

89 [3603] *ശ്രീ. ടി. യു. രാധാകൃഷ്ണൻ:*
ഡോ. എം. എ. കുട്ടപ്പൻ:
ശ്രീ. കെ. സി. ജോസഫ്:
,, സി. പി. മുഹമ്മദ്:
,, പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളിൽ എല്ലാവർഷവും ആഡിറ്റ് നടത്തുന്നതിനുള്ള സംവിധാനം നിലവിലുണ്ടോ; എങ്കിൽ എല്ലാവർഷവും സഹകരണ സംഘങ്ങളുടെ ആഡിറ്റ് കൃത്യമായി നടക്കാറുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദീകരിക്കുമോ;

(ബി) കഴിഞ്ഞവർഷവും ഈ വർഷം ഇതുവരെയും നടത്തിയ ആഡിറ്റുകളിൽ എത്ര സഹകരണ സംഘങ്ങളിൽ ധനദുർവിനിയോഗവും ക്രമക്കേടുകളും കണ്ടെത്തി;

(സി) ധനദുർവിനിയോഗവും ക്രമക്കേടുകളും കണ്ടെത്തിയ എത്ര സഹകരണ സംഘങ്ങളുടെ കാര്യത്തെപ്പറ്റി അന്വേഷണം നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സഹകരണ സംഘങ്ങളിൽ എല്ലാവർഷവും ആഡിറ്റ് നടത്തുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. എന്നാൽ എല്ലാ സംഘങ്ങളുടെയും ആഡിറ്റ് എല്ലാവർഷവും കൃത്യമായി നടക്കാറില്ല. സഹകരണ സംഘങ്ങളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായതും നിലവിലുണ്ടായിരുന്ന സംഘങ്ങളുടെതന്നെ പ്രവർത്തന വൈപുല്യവും ആനുപാതികമായി ആഡിറ്റർമാരുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടാകാത്തതും ആഡിറ്റ് കുടിശ്ശികയ്ക്ക് കാരണമാണ്. കൂടാതെ, സഹകരണ സ്ഥാപനങ്ങൾ ആഡിറ്റിനാവശ്യമായ സ്റ്റേറ്റുമെന്റുകൾ യഥാസമയം തയ്യാറാക്കി ആഡിറ്റിന് ഹാജരാക്കാത്തതും കുടിശ്ശികയ്ക്ക് കാരണമാകുന്നു.

(ബി) കഴിഞ്ഞവർഷവും ഈ വർഷം ഇതുവരെയും നടത്തിയ ആഡിറ്റുകളിൽ സംസ്ഥാനത്തൊട്ടാകെയായി 153 സഹകരണസംഘങ്ങളിൽ ക്രമക്കേടുകളും ധനദുർവിനിയോഗവും കണ്ടെത്തുകയുണ്ടായി.

(സി) ധനദുർവിനിയോഗവും ക്രമക്കേടുകളും കണ്ടെത്തിയ സഹകരണസ്ഥാപനങ്ങളെ സംബന്ധിച്ച് ആഡിറ്റർമാർ നൽകുന്ന റിപ്പോർട്ടുകളിൻമേൽ തുടർനടപടികൾ സ്വീകരിക്കേണ്ടത് ബന്ധപ്പെട്ട ഭരണവകുപ്പാണ്. എന്നാൽ സഹകരണ വകുപ്പിന്റെ കീഴിൽ വരുന്ന 137 സഹകരണ സ്ഥാപനങ്ങളെ സംബന്ധിച്ച് ആഡിറ്റർമാർ നൽകിയ റിപ്പോർട്ടുകളിൽ 134 എണ്ണത്തിൽ അന്വേഷണം നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly